(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വി. ആർ. എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

*3 [243] ശ്രീ. പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും വി. ആർ. എസ്. നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ;

(സി) ഈ പദ്ധതികൊണ്ട് സ്ഥാപനത്തിനും ജീവനക്കാർക്കും ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി മിക്ക പൊതുമേഖലാ സ്ഥാപനങ്ങളിലും വോളണ്ടറി റിട്ടയർമെന്റ് സ്കീം നടപ്പിലാക്കി വരുന്നുണ്ട്. എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച പുനരുദ്ധാരണ പഠന റിപ്പോർട്ടുകൾ വിലയിരുത്തിയശേഷം ഈ സർക്കാർ 14 പൊതുമേഖലാ സ്ഥാപനങ്ങളിൽ വി. ആർ. എസ്. നടപ്പിലാക്കിക്കഴിഞ്ഞു. ആറു സ്ഥാപനങ്ങളിൽക്കൂടി വി. ആർ. എസ്. നടപ്പിലാക്കുവാൻ ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. ആ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.†

(സി) വി. ആർ. എസ്. പ്രകാരം പിരിഞ്ഞുപോകാൻ തയ്യാറാകുന്ന ജീവനക്കാരെ ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനുള്ള ഒരു സ്കീം ആവിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.‡

---

† അനുബന്ധം I.

‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[3-2-2004- ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം *3 (243)-ന്റെ ഉത്തരം ദയവായി കാണുക]

Companies in which V.R.S. implemented

1. Autokast Ltd.
2. Keltron Counters Ltd.
3. The Kerala Ceramics Ltd.
4. Trivandrum Spinning Mills Ltd.
5. Keltron Rectifiers Ltd.
6. United Electrical Industries Ltd.
7. Kerala Soaps & Oils Ltd.
8. Kerala Construction Components Ltd.
9. Astral Watches Ltd.
10. The Metropolitan Engg. Co. Ltd.
11. Travancore Cochin Chemicals Ltd.
12. Sitaram Textiles Ltd.
13. Scooters Kerala Ltd.
14. Kerala Garments Ltd.

Companies in which V.R.S. Non-implemented

15. The Malabar SPG & Weaving Mills (Unit of KSTC)
16. The Steel Complex Ltd.
17. The Transformers & Electricals Kerala Ltd.
18. The Travancore Plywood Industries
19. The Keltron Component Complex
20. The Travancore Sugars & Chemicals Ltd.

LIBRARY ARCHIVES Kerala Legislative Assembly